**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *68** **28.02.2018- ൽ മറുപടിക്ക്**

## അസംഘടിത തൊഴിലാളികളുടെ തൊഴിൽ സാഹചര്യവും വേതനവും

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.രാജു എബ്രഹാം<br>,, ജോൺ ഫെർണാണ്ടസ്<br>,, പി.കെ. ശശി<br>,, സി.കെ. ഹരീന്ദ്രൻ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) കടകളിലും വാണിജ്യസ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികളുടെ തൊഴിൽ സാഹചര്യവും വേതനവും മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് എതിരെ ചട്ടപ്രകാരം ശക്തമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷൻ യഥാസമയം ഫയൽ ചെയ്യുന്നുണ്ട്. മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് എതിരെ പ്രോസിക്യൂഷനും ഫയൽ ചെയ്തു വരുന്നു. തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പു വരുത്തുന്നതിലേക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനും അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനുമായി കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിനും സർക്കാർ രൂപം നൽകിയിട്ടുണ്ട്. |
| (ബി) ഇതിന് പര്യാപ്തമാകുന്ന രീതിയിൽ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) സംസ്ഥാനത്ത് അഡീഷണൽ ലേബർ കമ്മീഷണർ (എൻഫോഴ്സ്മെന്റ്) ന്റെ നേതൃത്വത്തിൽ 14 ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) മാരും 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാരുമാണ് എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ നിലവിൽ പ്രവർത്തിക്കുന്നത്. ടി വിഭാഗം സംസ്ഥാനത്താകെ കാര്യക്ഷമമായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും, ആയത് ബാങ്ക് വഴി ലഭ്യമാക്കുന്നതിനും വേജസ് സ്ലിപ്പ് ഓൺലൈനായി ലഭ്യമാക്കുന്നതിനുമായി നടപ്പിലാക്കിയിട്ടുള്ള " വേതനസുരക്ഷാ പദ്ധതി " |

| | |
|---|---|
| | മുഖേന എൻഫോഴ്സ്മെന്റ് ഓഫീസർമാർക്ക് തൊഴിലാളികളുടെ ആനുകൂല്യങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഓൺലൈനായി നിരീക്ഷിക്കാൻ കഴിയും. |
| (സി) തൊഴിലിടങ്ങളിൽ ലിംഗസമത്വം നടപ്പാക്കാനും സ്ത്രീ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഉതകുന്ന എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) തൊഴിലിടങ്ങളിൽ ലിംഗസമത്വം നടപ്പാക്കുന്നതിനും സ്ത്രീ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഉതകുന്ന നടപടികൾ എൽ.ഡി.എഫ് സർക്കാരിന്റെ കരട് തൊഴിൽനയത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്. തുല്യജോലിക്ക് തുല്യവേതനം ഉറപ്പാക്കുവാൻ നിയമപ്രകാരമുള്ള പരിശോധനകൾ നടത്തുന്നുണ്ട്. എൻഫോഴ്സ്മെന്റ് വിഭാഗം സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നു. ജീവനക്കാർക്ക് വിശ്രമ സൗകര്യം, ഹോസ്റ്റൽ സൗകര്യം, ക്രഷ് എന്നീ വ്യവസ്ഥകൾ ഉൾപ്പെടുത്തി 1961-ലെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ സ്വകാര്യ വാണിജ്യ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തുന്ന പുതിയ പദ്ധതിയിൽ സ്ത്രീ സൗഹൃദ അന്തരീക്ഷം ഒരു മാനദണ്ഡമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ജോലിസ്ഥലങ്ങളിൽ തൊഴിലാളികൾക്ക് ഇരിക്കുന്നതിനുള്ള സൗകര്യം ഉറപ്പാക്കുന്നതിനുള്ള നിയമഭേദഗതി സർക്കാർ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ